# പതിമൂന്നാം കേരളനിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2294 — 18.02.2016 ൽ മറുപടിയ്ക്ക്

## കേരള ഹെൽത്ത് റിസർച്ച് & വെൽഫയർ സൊസൈറ്റി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ.കെ.ശശീന്ദ്രൻ | | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | കെ.എച്ച്.ആർ.ഡബ്ല്യൂ.എസ് ൽ നിയമിതനായ എക്സിക്യൂട്ടീവ് എഞ്ചിനീയർ എത് സ്ഥാപനത്തിൽ നിന്നും വന്നതാണെന്നും എന്നാണ് കെ.എച്ച്.ആർ.ഡബ്ല്യൂ.എസ് ൽ ജോയിൻ ചെയ്തതെന്നും ഈ തസ്തികയുടെ സ്കെയിൽ-ഓഫ്-പേ എത്രയാണെന്നും വ്യക്തമാക്കാമോ; ഇത്തരത്തിൽ സ്ഥാപനത്തിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുന്ന ഡെപ്യൂട്ടേഷൻ ജീവനക്കാരെയും ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | നിലവിൽ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ് ൽ എക്സിക്യൂട്ടീവ് എഞ്ചിനീയറായി ജോലി നോക്കുന്ന ഉദ്യോഗസ്ഥൻ കേരള ഇലക്ട്രിക്കൽ അന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ 22.02.2013 ൽ ജോലിയിൽ പ്രവേശിച്ചു. ടി തസ്തികയുടെ ശമ്പള സ്കെയിൽ 16650-23200 (പ്രീറിവൈസ്ഡ്). നിലവിലുള്ള ഗവൺമെന്റ് ഉത്തരവ് പ്രകാരം പ്രസ്തുത തസ്തികകളുടെ നിയമന രീതി ഡെപ്യൂട്ടേഷൻ മുഖേനയാണ്. |
| (ബി) | 58 വയസ്സ് കഴിഞ്ഞവരും മറ്റ് സ്ഥാപനത്തിൽ നിന്നും റിട്ടയർ ചെയ്ത ശേഷം വരുന്നതുമായ ഉദ്യോഗസ്ഥരിൽ നിന്നും ഈ സ്ഥാപനത്തിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ തിരിച്ചു പിടിക്കാൻ എന്തു സംവിധാനമാണ് നിലവിലുള്ളത് ഇല്ലെങ്കിൽ ഇതിനാവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (ബി) | സാമ്പത്തിക നഷ്ടം സംബന്ധിച്ച് സംസ്ഥാന ആഡിറ്റ് വിഭാഗമോ, അക്കൗണ്ടന്റ് ജനറലോ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന പക്ഷം റവന്യൂ റിക്കവറി നടപടിയിലൂടെ നഷ്ടോത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും നഷ്ടം ഈടാക്കുന്നതിന് വ്യവസ്ഥ ഉണ്ട്. |
| (സി) | ഇ സ്ഥാപനത്തിൽ 2010 ജൂൺ മാസത്തിന് ശേഷം സ്ഥിരമായി ഏതെങ്കിലും തസ്തികയിൽ നിയമനം നടത്തിയിരുന്നോ ഉണ്ടെങ്കിൽ ഇത്തരത്തിൽ നിയമനം ലഭിച്ചവരുടെ വിദ്യാഭ്യാസ യോഗ്യതയും സ്കെയിൽ-ഓഫ്-പേ യും ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നിയമനം നടത്തിയതെന്നും വ്യക്തമാക്കാമോ; ഇതിന്റെ രേഖ മേശപ്പുറത്ത് വയ്ക്കാമോ; 20 വർഷവും അതിൽ താഴെയും കാലയളവിൽ ജോലി ചെയ്തു വരുന്ന ദിവസവേതനക്കാരെ സ്ഥിരപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; | (സി) | സർക്കാർ ഉത്തരവ്നമ്പർ ജി.ഒ(എം.എസ്) 239/13/എച്ച് ആന്റ്എഫ്.ഡബ്ല്യൂ.ഡി, തിയതി 11.06.2013 പ്രകാരം ഹയർസെക്കൻഡറി യോഗ്യതയുള്ള ശ്രീ.ഷിനോസ് ഖാൻ.എച്ച്.എസ്, മരുതറ, റോഡരികത്ത് വീട്, നെട്ടിറച്ചിറ, നെടുമങ്ങാട് എന്ന വ്യക്തിയെ 9940-16550 ശമ്പള സ്കെയിലിൽ കംപാഷണേറ്റ് ഗ്രൗണ്ടിൽ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ് ൽ എൽ.ഡി ക്ലാർക്കായി നിയമിച്ചിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.) ദിവസവേതനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ് |

| | | | |
|---|---|---|---|
| (ഡി) | കെ.എച്ച്.ആർ.ഡബ്ല്യൂ.എസ് ൽ സർക്കാർ ജീവനക്കാർക്ക് മൂന്നു വർഷത്തിലൊരിക്കൽ സ്ഥല മാറ്റം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; ഈ രീതിയിൽ ആർക്കെങ്കിലും സ്ഥലം മാറ്റം നൽകിയിരുന്നോ വിശദ വിവരം നൽകുക; | (ഡി) | കെ.എച്ച്.ആർ.ഡബ്ല്യൂ.എസിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ, ജൂനിയർ സൂപ്രണ്ട്, ജൂനിയർ അസിസ്റ്റൻന്റ് തസ്തികകളിൽ സർക്കാർ ജീവനക്കാരെ നിലവിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് നിയമിക്കുന്നത്. |
| (ഇ) | ഈ സ്ഥാപനത്തിൽ ഐ.വി.ഫ്ലൂയിഡ് യൂണിറ്റ് നിർത്തലാക്കിയപ്പോൾ അന്നു ജോലി ചെയ്തിരുന്ന ടെക്നീഷ്യന്മാരെ പിരിച്ചുവിടാതെ തുടരാൻ അനുവദിക്കാവുന്നത് സാമ്പത്തിക ബാദ്ധ്യത കൂട്ടുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ജീവനക്കാർക്ക് ഫ്ലൂയിഡ് യൂണിറ്റിൽ ജോലി ചെയ്തിരുന്നപ്പോഴുള്ള ശമ്പളമാണോ ഇപ്പോഴും നൽകുന്നതെന്ന് വ്യക്തമാക്കാമോ; നിറുത്തലാക്കിയ യൂണിറ്റിലെ ജീവനക്കാരെ സർവ്വീസിൽ നിന്നും പിരിച്ചുവിടാൻ നടപടി സ്വീകരിക്കുമോ? | (ഇ) | ഐ.വി.ഫ്ലൂയിഡ് യൂണിറ്റ് നിർത്തലാക്കിയപ്പോൾ ഈ യൂണിറ്റിലെ 14 സ്ഥിരം ജീവനക്കാരെ പുനർ വിന്യസിക്കുന്നതിന് ഗവേണിംഗ് ബോഡി തീരുമാനിക്കുകയുണ്ടായി. ഇവരെ യോഗ്യത അനുസരിച്ച് സമാനമായ തസ്തികയിൽ നിയമിച്ച് ശമ്പള സ്കെയിൽ അനുവദിക്കണമെന്നാണ് പ്രസ്തുത ഗവേണിംഗ് ബോഡിയിൽ തീരുമാനിച്ചിരിക്കുന്നത്. എന്നാൽ ഇവരെ ഇപ്പോൾ താൽക്കാലികമായി വർക്കിംഗ് അറേഞ്ച്മെന്റിൽ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ് ന്റെ വിവിധ യൂണിറ്റുകളിൽ നിയമിച്ചിരിക്കുകയാണ്. ഐ.വി.ഫ്ലൂയിഡ് യൂണിറ്റിൽ ജോലി ചെയ്തപ്പോൾ ഉള്ള ശമ്പള സ്കെയിലിൽ തന്നെയാണ് ടി ജീവനക്കാർക്ക് ഇപ്പോഴും ശമ്പളം വാങ്ങി വരുന്നത്. ടി ജീവനക്കാർ സ്ഥിര ജീവനക്കാരായതിനാൽ ഇവരെ പിരിച്ചുവിടാൻ സാധിക്കുകയില്ല. |

സെക്ഷൻ ഓഫീസർ

139 1540 15/6

GOVERNMENT OF KERALA

Abstract

Health & Family Welfare Department – Medical Education Service – Establishment - Posting of Sri. Shinoskhan H.S., Maruthara, Roadarikathuveedu, Nettirachira, Nedumangad P.O., Thiruvananthapuram as Lower Division Clerk in Kerala Health Research and Welfare Society - Erratum - Orders issued.

HEALTH AND FAMILY WELFARE (B) DEPARTMENT

G.O.(MS)No.239/13/H&FWD. Dated, Thiruvananthapuram, 11.06.2013.

Read:- 1) G.O.(MS) No.146/2013/H&FWD dated 24.04.2013.
2) Certificate No.2967/2013 dated 01.06.2013 from the Village Officer, Aruvikkara, Thiruvananthapuram.
3) Letter No. A6/1002/2013/KHRWS dated 01.06.2013 from the Managing Director, Kerala Health Research and Welfare Society, Thiruvananthapuram.

## ORDER

The name and address of the incumbent mentioned as " Sri. Shinos, S/o Smt. Sameera Hashim, Maruthara House, Nettirachira, Nedumangad P.O., Thiruvananthapuram" in the Government Order read above is corrected and read as "Sri. Shinoskhan H.S., Maruthara, Roadarikathuveedu, Nettirachira, Nedumangad P.O., Thiruvananthapuram".

2) The Government Order read above stands modified to this extent.

(By Order of the Governor),
**ELPHEGE TAJAN. I.**
**Deputy Secretary to Government**

To

Sri. Shinoskhan S/o Smt. Sameera Hashim, Maruthara, Roadarikathuveedu, Nettirachira, Nedumangad P.O., Thiruvananthapuram". (By Registered post)
The Managing Director, Kerala Health Research and Welfare Society, Thiruvananthapuram.
The Director of Medical Education, Thiruvananthapuram
The Director of Health Services, Thiruvananthapuram
The General Administrative (SC) Department
Stock file/Office Copy.

Forwarded//By Order,

Section Officer.

Section Officer